# പതിമൂന്നാം നിയമസഭ

## പതിനൊന്നാം സമ്മേളനം

## നബാർഡ് വായ്പാ പദ്ധതി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3783        24.06.2014 ൽ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.എ. വാഹിദ്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ | ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി ശ്രീ. കെ.എം.മാണി |
| *(എ)* സംസ്ഥാനത്തിന് ഈ സാമ്പത്തിക വർഷം നബാർഡ് വായ്പാ പദ്ധതി അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | നടപ്പ് സാമ്പത്തിക വർഷം നബാർഡ് സംസ്ഥാനത്തിന് ഇതു വരെ വായ്പാ പദ്ധതികൾ ഒന്നും അനുവദിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ അനുവദിച്ച RIDF സഹായമുള്ള പദ്ധതികൾക്കായി ഈ വർഷം 128.27 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. |
| *(ബി)* എത്ര കോടി രൂപയുടെ വായ്പയാണ് സംസ്ഥാനത്തിന് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | വായ്പാ പദ്ധതികൾ ഒന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല. |
| *(സി)* കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ എത്ര ശതമാനം കൂടുതലാണ് ഈ വർഷം അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ; | ഈ സാമ്പത്തിക വർഷം വായ്പാ പദ്ധതികൾ ഒന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട വിവരം ലഭ്യമാക്കാൻ നിർവ്വാഹമില്ല. |

RIDF പദ്ധതികൾക്കായി അനുവദിച്ച വായ്പ കൃഷിയും അനുബന്ധമേഖലകളും, സാമൂഹ്യമേഖല, ഗ്രാമീണ റോഡുകൾ തുടങ്ങിയവയിലെ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ (2014 - 15) സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലായി നബാർഡ് അനുവദിക്കാനായി ലക്ഷ്യമിട്ടിരിക്കുന്ന തുകയുടെ കണക്കുകൾ മേഖല തിരിച്ച് ചുവടെ ചേർക്കുന്നു.

*(ഡി)* ഏതെല്ലാം മേഖലകളിൽ വിനിയോഗിക്കുവാനാണ് വായ്പ അനുവദിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം?

| ക്രമ നം. | മേഖല | തുക (കോടി രൂപ) |
|---|---|---|
| 1. | ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് (RIDF) | 1000 |
| 2. | വിളകൾക്കുള്ള വായ്പാ പദ്ധതി (Production Credit) ഈ വായ്പാ പദ്ധതി (Regional Rural Bank വഴിയും സഹകരണ സംഘങ്ങൾ വഴിയും വിതരണം ചെയ്യുന്നു) | 3300 |
| 3. | ദേശസാൽകൃത ബാങ്കുകൾക്കുള്ള കാർഷിക വായ്പ. | 2583 |
| 4. | വ്യാപാര വൈവിദ്യവൽകരണത്തിന് വേണ്ടി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് നൽകുന്ന സഹായ പദ്ധതി | 25 |
| 5. | ഉൽപാദക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | 5 |

സെക്ഷൻ ഓഫീസർ